## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:3794** **12.12.2018 ൽ മറുപടിയ്ക്ക്**

### പൊതുജന സമ്പർക്കമുള്ള ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം

| ചോദ്യം<br>ശ്രീ.എ.എം. ആരിഫ് | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി | |
|---|---|---|---|
| (എ) | പൊതുജന സമ്പർക്കമുള്ള എല്ലാ ഓഫീസുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്താനുള്ള ഒൻപതാം ശമ്പള പരിഷ്കരണ കമ്മീഷന്റെ ശിപാർശ ഏതെല്ലാം ഓഫീസുകളിൽ നടപ്പിലാക്കി, വ്യക്തമാക്കാമോ? | (എ) | ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പാക്കിയിട്ടുള്ള ഓഫീസുകളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പൊതുജന സമ്പർക്കമുള്ള എല്ലാ ഓഫീസുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കാമോ? | (ബി) | നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| | | |
|---|---|---|
| 1 | ഗവ.സെക്രട്ടേറിയറ്റ് | ഗവ.സെക്രട്ടേറിയറ്റിൽ ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നുണ്ട്. |
| 2 | ഐ.ടി വകുപ്പ് | വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെല്ലാം തന്നെ ഫ്രണ്ട് ഓഫീസ് സംവിധാനം നിലവിലുണ്ട്. |
| 3 | വിനോദ സഞ്ചാര വകുപ്പ് | ഡയറക്ടറേറ്റിൽ ഓഫീസ് സംബന്ധമായ വിവരങ്ങൾ നൽകുന്നതിനായി ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിച്ചുവരുന്നു. വിനോദസഞ്ചാരികൾക്ക് വിവരങ്ങൾ ലഭ്യമാക്കുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്ററുകളും പ്രവർത്തിച്ചു വരുന്നുണ്ട്. |
| 4 | സഹകരണ വകുപ്പ് | ഡയറക്ടറേറ്റിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നിലവിലുണ്ട്. |
| 5 | ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് | കേരള സംസ്ഥാന ഭൂവിനിയോഗ ബോർഡ്, കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്റർ, സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ്, കേരള ഡെവലപ്മെന്റ് ആന്റ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിൽ എന്നിവിടങ്ങളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നിലവിലുണ്ട്. സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് ഡയറക്ടർ ജനറലിന്റെ കാര്യാലയത്തിൽ എൻക്വയറി കൗണ്ടർ പ്രവർത്തിക്കുന്നുണ്ട്. |
| 6 | ശാസ്ത്ര സാങ്കേതിക വകുപ്പ് | ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ ആസ്ഥാനത്തും ആയതിനു കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| 7 | തൊഴിലും നൈപുണ്യവും വകുപ്പ് | A) ഫാക്ടറീസ് & ബോയിലേഴ്സ് വകുപ്പിന്റെ പൊതുജന സമ്പർക്കമുള്ള എല്ലാ ഓഫീസുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br>B) നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ എംപ്ലോയ്മെന്റ് ഡയറക്ടറേറ്റിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br>C) മെഡിക്കൽ സർവ്വീസസ് വകുപ്പ് - ഡയറക്ടറുടെ കാര്യാലയത്തിലും, മദ്ധ്യമേഖല, ദക്ഷിണമേഖല റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാരുടെ കാര്യാലയങ്ങളിലും ഫ്രണ്ട് ഓഫീസ് സംവിധാനം സജ്ജമാക്കിയിട്ടുണ്ട്.<br>D) തൊഴിൽ വകുപ്പ് കമ്മീഷണറേറ്റിന് കീഴിൽ ചുവടെ പറഞ്ഞിരിക്കുന്ന ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br>a) ലേബർ കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം.<br>b) റീജിയണൽ ജോയിന്റ് ലേബർ കമ്മീഷണറുട കാര്യാലയം, എറണാകുളം. |

| | | |
|---|---|---|
| | | c) ചീഫ് ഇൻസെക്ടർ ഓഫ് പ്ലാന്റേഷൻസ്, കോട്ടയം.<br>d) ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ കാര്യാലയം, തിരുവനന്തപുരം, പാലക്കാട്.<br>e) ജില്ലാ ലേബർ ഓഫീസ്, തിരുവനന്തപുരം, കൊല്ലം, എറണാകുളം, ഇടുക്കി, കോട്ടയം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ്.<br>f) കേരള ലേബർ വെൽഫയർ ഫണ്ട് ബോർഡ്.<br>g) കേരള കള്ളുവ്യവസായ തൊഴിലാളി ക്ഷേമനിധി ബോർഡുകൾ.<br>E) വ്യാവസായികപരിശീലനവകുപ്പിന് കീഴിലെ 19 സ്ഥാപനങ്ങളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br>F) ഒഡെപെക്കിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| 8 | സാംസ്കാരിക കാര്യാ വകുപ്പ് | പുരാവസ്തു വകുപ്പ്, പുരാരേഖാ വകുപ്പ്, കേരള ചലച്ചിത്ര അക്കാഡമി, ഭാരത് ഭവൻ, ഗുരുഗോപിനാഥ് നടന ഗ്രാമം, വാസ്തുവിദ്യാ ഗുരുകുലം, ജവഹർ ബാലഭവൻ, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, വൈലോപ്പിള്ളി സംസ്കൃതി ഭവൻ, കേരള സംഗീത നാടക അക്കാദമി, മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാഡമി, കേരള ചരിത്ര പൈതൃക മ്യൂസിയം എന്നീ സ്ഥാപനങ്ങളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| 9 | വ്യവസായ വാണിജ്യ വകുപ്പ് | വകുപ്പിന്റെ കീഴിലുള്ള ജില്ലാ വ്യവസായ കേന്ദ്രങ്ങളിലും താലൂക്ക് വ്യവസായ ഓഫീസുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിലും കയർ വികസന വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| 10 | വിവരപൊതുജന സമ്പർക്ക വകുപ്പ് | വകുപ്പിന്റെ വിവരങ്ങൾ പൊതു ജനങ്ങളെ അറിയിക്കാൻ നിലവിൽ ജില്ലാ ഇൻഫർമേഷൻ ഓഫീസുകളോട് ചേർന്ന് ഇൻഫർമേഷൻ സെന്ററുകളുണ്ട്. |
| 11 | ഭവന നിർമ്മാണ വകുപ്പ് | കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ ആസ്ഥാന ഓഫീസിലും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിലും ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |
| 12 | പൊതുമരാമത്ത് വകുപ്പ് | ചീഫ് എഞ്ചിനീയർമാരുടെ കാര്യാലയങ്ങൾക്ക് പൊതുവായി ഭരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |
| 13 | ആഭ്യന്തര വകുപ്പ് | A) പൊതുജന സമ്പർക്കമുള്ള എല്ലാ പോലീസ് ഓഫീസുകളിലും റിസപ്ഷൻ സംവിധാനം നിലവിലുള്ളതിനു പുറമേ, എല്ലാ പോലീസ് സ്റ്റേഷനുകളിലും പബ്ലിക് റിലേഷൻസ് ഓഫീസർമാരെ നിയമിച്ചിട്ടുള്ളതും അവർ, പി.ആർ.ഒ. ബാഡ്ജ് ധരിക്കണമെന്നും, ഫോൺ നമ്പർ എഴുതി പ്രദർശിപ്പിക്കണമെന്നും നിർദ്ദേശം |

| | | |
|---|---|---|
| | | നൽകിയിട്ടുള്ളതുമാണ്.<br>B) ജയിൽ വകുപ്പിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.<br>C) ഫയർ & റെസ്ക്യൂ സർവ്വീസസിന്റെ ആസ്ഥാന ഓഫീസിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നിലവിലുണ്ട്. |
| 14 | ട്രഷറി വകുപ്പ് | പൊതുജനങ്ങൾ നേരിട്ട് ബന്ധപ്പെടുന്ന ഓഫീസുകളായ 23 ജില്ലാ ട്രഷറികളിലും 201 സബ് ട്രഷറികളിലും ഇടപാടുകാർക്ക് മുഴുവൻ സമയ സേവനം നൽകുന്നതിനായി ഹെൽപ് ഡെസ്ക് കൗണ്ടറുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഒരു ധനകാര്യ സ്ഥാപനമായതുകാരണം മറ്റുള്ള വകുപ്പുകളിൽ പ്രവർത്തിച്ചുവരുന്നതുപോലെയുള്ള ഏകജാലക രീതിയിലുള്ള ഫ്രണ്ട് ഓഫീസ് സംവിധാനം ട്രഷറികളിൽ ആവശ്യമില്ല. പകരം എല്ലാ ട്രഷറികളിലും ഇടപാടുകാർക്ക് പണം നൽകുന്നതിനായി ക്യാഷ് കൗണ്ടറിനോടൊപ്പം തിരക്കുകൾക്ക് അനുസൃതമായി ആവശ്യമുള്ള ടെല്ലർ കൗണ്ടറുകളും ഇടപാടുകാരിൽ നിന്നും പണം സ്വീകരിക്കുന്നതിനും, മറ്റ് സേവനങ്ങൾ നൽകുന്നതിനും, മുതിർന്ന പൗരന്മാർക്കായും പ്രത്യേകം പ്രത്യേകം കൗണ്ടറുകളും പ്രവർത്തിച്ചുവരുന്നുണ്ട്. |
| 15 | സംസ്ഥാന ആഡിറ്റ് വകുപ്പ് | വകുപ്പിന്റെ പൊതുജന സമ്പർക്കമുള്ള കാര്യാലയങ്ങളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| 16 | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് | വകുപ്പിന്റെ ആസ്ഥാന കാര്യാലയത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| 17 | ദേശീയ സമ്പാദ്യ പദ്ധതി വകുപ്പ് | വകുപ്പിന്റെ ഡയറക്ടറേറ്റിലും വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന തിരുവനന്തപുരം ജില്ലാ ഓഫീസിലും ഫ്രണ്ട് ഓഫീസ് സംവിധാനത്തിനുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. വകുപ്പിന്റെ കീഴിലുള്ള മറ്റ് ജില്ലാ ഓഫീസുകൾ കളക്ടറേറ്റുകളിൽ പ്രവർത്തിച്ചുവരുന്നതിനാൽ കളക്ടറേറ്റുകളിലെ ഫ്രണ്ട് ഓഫീസ് സംവിധാനമാണ് ഉപയോഗിച്ചുവരുന്നത്. |
| 18 | പട്ടികജാതി വികസന വകുപ്പ് | വകുപ്പിന്റെ കീഴിൽ പൊതുജന സമ്പർക്കമുള്ള ഡയറക്ടറേറ്റ്, ജില്ലാ പട്ടികജാതി വികസന ആഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. |
| 19 | രജിസ്ട്രേഷൻ വകുപ്പ് | വകുപ്പിൽ പൊതുജന സമ്പർക്കമുള്ള എല്ലാ ഓഫീസുകളിലും ഫ്രണ്ട്ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. 2012-13 വർഷത്തെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഏകജാലക സംവിധാനം ഏർപ്പെടുത്തുന്നതിനോടനുബന്ധിച്ച് പൊതുജനസമ്പർക്കമുള്ള എല്ലാ ഓഫീസുകളിലും ഫ്രണ്ട് ഓഫീസിന് സമാനമായ Help Desk സംവിധാനം നിലവിലുണ്ട്. |
| 20 | ഭാഗ്യക്കുറിവകുപ്പ് | ഫ്രണ്ട് ഓഫീസ് സംവിധാനം നിലവിലുണ്ട്. |

| | | |
|---|---|---|
| 21 | എക്സൈസ് വകുപ്പ് | വകുപ്പിന്റെ ആസ്ഥാന, മേഖലാ, ജില്ലാ ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനമുണ്ട്. |
| 22 | വനം വന്യ ജീവി വകുപ്പ് | വകുപ്പിന്റെ ചുവടെ ചേർത്തിട്ടുള്ള ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നിലവിലുണ്ട്.<br>A) ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സെൻട്രൽ സർക്കിൾ, തൃശ്ശൂർ, ടി സർക്കിളിന്റെ അധികാര പരിധിയിൽ വരുന്ന ഓഫീസുകൾ.<br>B) ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, ഹൈറേഞ്ച് സർക്കിൾ, കോട്ടയം, ടി സർക്കിളിന്റെ അധികാര പരിധിയിൽ വരുന്ന ഓഫീസുകൾ.<br>C) ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, വന്യജീവി വിഭാഗം പാലക്കാട് സർക്കിൾ, ടി സർക്കിളിന്റെ അധികാര പരിധിയിൽ വരുന്ന ഓഫീസുകൾ.<br>D) ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, വന്യജീവി വിഭാഗം, കോട്ടയം സർക്കിൾ, ടി സർക്കിളിന്റെ അധികാരപരിധിയിൽ വരുന്ന ഓഫീസുകൾ.<br>E) ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, സതേൺ സർക്കിൾ-കൊല്ലത്തിന് കീഴിലെ റാന്നി ഡിവിഷൻ.<br>F) ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ നോർത്തേൺ സർക്കിളിന് കീഴിലെ ടിമ്പർ സെയിൽസ് ഡിവിഷൻ കോഴിക്കോട്, ഡിവിഷൻ ഓഫീസ് കോഴിക്കോട്/കാസർഗോഡ്.<br>G) ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി നോർത്തേൺ റീജിയൺ, കോഴിക്കോട് ഓഫീസ്.<br>H) ഫോറസ്റ്റ് കൺസർവേറ്റർ, സോഷ്യൽ ഫോറസ്ട്രി സതേൺ റീജിയൺ ഓഫീസിലും ടി ഓഫീസിന്റെ അധികാര പരിധിയിൽ വരുന്ന മറ്റ് ഓഫീസുകൾ.<br>I) ഫോറസ്റ്റ് കൺസർവേറ്റർ, അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം, ടി ഓഫീസിന്റെ അധികാരപരിധിയിൽ വരുന്ന ഓഫീസുകൾ.<br>J) വനം വകപ്പാസ്ഥാനത്ത്. |
| 23 | പരിസ്ഥിതി വകുപ്പ് | വകുപ്പിനു കീഴിലുള്ള കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ കീഴിൽ വരുന്ന ഓഫീസുകളിൽ KIOSK സംവിധാനം നിലവിലുണ്ട്. |
| 24 | സാമൂഹ്യ നീതി വകുപ്പ് | തിരുവനന്തപുരം, കൊല്ലം, കോഴിക്കോട് എന്നീ ജില്ലാ സാമൂഹ്യ നീതി ഓഫീസുകളിലും സാമൂഹ്യ നീതി ഡയറക്ടറേറ്റിലും ഫ്രണ്ട്ഓഫീസ് സംവിധാനം നിലവിലുണ്ട്. |
| 25 | വനിത ശിശു വികസന വകുപ്പ് | ഡയറക്ടറുടെ കാര്യാലയത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നിലവിലുണ്ട്. |
| 26 | മൃഗസംരക്ഷണ വകുപ്പ് | വകുപ്പിലെ എല്ലാ ഓഫിസുകളിലും മൃഗസംരക്ഷണവകുപ്പിനു കീഴിലുള്ള പൊതുജന സമ്പർക്കമുള്ള പൊതുമേഖലാ |

| | | |
|---|---|---|
| | | സ്ഥാപനങ്ങളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. |
| 27 | ഇലക്ഷൻ വകുപ്പ് | കോൾ സെന്റർ സംവിധാനം നിലവിലുണ്ട്. |
| 28 | പൊതുവിദ്യാഭ്യാസ വകുപ്പ് | പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലും കീഴിലുള്ള എല്ലാ കാര്യാലയങ്ങളിലും ഫ്രണ്ട്ഓഫീസ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. |
| 29 | കായികയുവജന കാര്യ വകുപ്പ് | വകുപ്പിന് കീഴിലെ പൊതുജനസമ്പർക്കമുള്ള എല്ലാ ഓഫീസുകളിലും ഫ്രണ്ട്ഓഫീസ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. |
| 30 | പൊതുവിതരണ ഉപഭോക്തൃകാര്യ വകുപ്പ് | വകുപ്പിലെ എല്ലാ ഓഫീസുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പാക്കിയിട്ടുണ്ട്. ഓഫീസ് നവീകരണം പൂർത്തീകരിച്ച എല്ലാ ജില്ലാ/താലൂക്ക് സപ്ലൈ ഓഫീസുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം ഒരുക്കിയിട്ടുണ്ട്. |
| 31 | ലീഗൽ മെട്രോളജി വകുപ്പ് | പട്ടം ഹെഡ് ക്വാർട്ടേഴ്സിലും, എറണാകുളം ലീഗൽ മെട്രോളജി ഭവനിലും ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നുണ്ട്. |
| 32 | ആയുഷ് വകുപ്പ് | A) ഹോമിയോപ്പതി മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലെ ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.<br>B) ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.<br>C) ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കീഴിലെ ഡയറക്ടറുടെ കാര്യാലയത്തിലും വകുപ്പിന് കീഴിലെ തിരുവനന്തപുരം, തൃപ്പൂണിത്തുറ സർക്കാർ ആയുർവേദ കേളേജുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.<br>D) കണ്ണൂർ സർക്കാർ ആയുർവേദ കേളേജിലും ആശുപത്രിയിലും ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |
| 33 | കാർഷിക വികസന കാർഷികക്ഷേമ വകുപ്പ് | വകുപ്പിനു കീഴിൽ പൊതുജന സമ്പർക്കമുള്ള എല്ലാ ഓഫീസുകളിലും ഫ്രണ്ട് ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. |